29-5-2014-ലെ സ.ഉ.(സാ) നമ്പർ 2110/2014/പൊ.വി.വ പ്രകാരം ചെയ്തത്. കേരളാ സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിൽ ഭൂരിഭാഗവും 1960 കാലഘട്ടത്തിൽ രൂപംകൊടുത്തതാണ്. മേൽപ്പറഞ്ഞ പ്രത്യേകാനുമതി നൽകിയ കേസ്സുകളിലെപ്പോലെ ജനോപകാരപ്രദമായ സംരംഭങ്ങളിൽ പ്രത്യേകാനുവാദമല്ലാതെ എല്ലാ ജീവനക്കാർക്കും ബാധകമാകുന്ന ഒരു പൊതുവ്യവസ്ഥ രൂപീകരിക്കണമെന്നും ഔദ്യോഗിക കൃത്യനിർവ്വഹണം എന്ന പ്രാഥമിക ചുമതലയിൽ വീഴ്ചവരുത്താതെ, നിലവിലുള്ള പെരുമാറ്റചട്ടത്തിന് അനുസൃതമായി ഉദ്യോഗസ്ഥരെ സർഗ്ഗാത്മക പ്രവർത്തനങ്ങളിൽ മുഴുകുന്നതിന് അനുവദിക്കണമെന്നുമുള്ള സദുദ്ദേശ്യത്തോടെയാണ് സംസ്ഥാന ജീവനക്കാർക്ക് പുസ്തകം പ്രസിദ്ധീകരിക്കുന്നതിനും സ്വകാര്യ റേഡിയോ/ടി.വി. ചാനലുകളിൽ പരിപാടികൾ അവതരിപ്പിക്കുന്നതിനും സിനിമ, സീരിയൽ/പ്രൊഫഷണൽ നാടകം എന്നിവയിൽ അഭിനയിക്കുന്നതിനും അനുവാദം നൽകിക്കൊണ്ട് 11-11-2015-ൽ G.O.(P)28/15/ഉ.ഭ.പ.വ. എന്ന നമ്പരിലുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത്. ജീവനക്കാരെ ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുവാൻ അനുവദിക്കുമ്പോൾ അത് ടി ജീവനക്കാരന്റെ ഔദ്യോഗിക കൃത്യനിർവ്വഹണത്തെ ഏതെങ്കിലും വിധത്തിൽ പ്രതികൂലമായി ബാധിക്കുമോ, ജീവനക്കാരൻ സർഗ്ഗാത്മക പ്രവർത്തനത്തിന് നൽകുന്ന അനുവാദം ഒരു ട്രേഡ്/ബിസിനസ് നടത്തുന്നതിനായി ദുരുപയോഗപ്പെടുത്തുമോ, പുസ്തക പ്രസിദ്ധീകരണം നിലവിലെ പെരുമാറ്റ ചട്ടത്തിന് അനുസൃതമായാണോ നിർവ്വഹിച്ചിരിക്കുന്നത് എന്നിങ്ങനെയുള്ള ന്യായമായ പരിശോധന മെറിറ്റടിസ്ഥാനത്തിൽ നടത്തണമെന്ന് മാത്രമേ ടി ഉത്തരവിൽ സർക്കാർ ഉദ്ദേശിച്ചിട്ടുള്ളൂ. എന്നിരുന്നാലും ഈ ഉത്തരവ് സംബന്ധമായി വന്ന വിമർശനങ്ങളെത്തുടർന്ന് ടി ഉത്തരവിന്റെ പ്രവർത്തനം 24-11-2015-ലെ സ.ഉ.(പി)32/2015/ഉ.ഭ.പ.വ. പ്രകാരം സർക്കാർ മരവിപ്പിച്ചിരിക്കുകയാണ്.

സർക്കാർ ജീവനക്കാരുടെ കലാസാഹിത്യ പ്രവർത്തനങ്ങൾ

19 (1841) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ കലാസാഹിത്യ പ്രവർത്തനങ്ങൾക്ക് കടുത്തനിയന്ത്രണം വരുത്തിക്കൊണ്ട് പെരുമാറ്റചട്ടം ഭേദഗതിചെയ്ത് ഉത്തരവ് പുറത്തിറക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ ;

(ബി) പ്രസ്തുത ഭേദഗതി ഉത്തരവ് ഇറക്കാനുണ്ടായ പ്രത്യേക സാഹചര്യം എന്താണെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) സംസ്ഥാന സർക്കാർ ജീവനക്കാരുടെ 1960-ലെ പെരുമാറ്റ ചട്ടങ്ങളിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകളല്ലാതെ പുതിയ വ്യവസ്ഥകളൊന്നും സർക്കാർ നടപ്പിലാക്കിയിട്ടില്ല. ചട്ടങ്ങൾക്കനുസൃതമായി ചില നിയന്ത്രണങ്ങളിൽ അയവ് വരുത്തുകയാണ് ചെയ്തത്. എന്നാൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് പുസ്തകം പ്രസിദ്ധീകരിക്കുന്നതിനും സ്വകാര്യ റേഡിയോ/ടി.വി. ചാനലുകളിൽ പരിപാടി അവതരിപ്പിക്കുന്നതിനും സിനിമ/സീരിയൽ/പ്രൊഫഷണൽ നാടകം എന്നിവയിൽ അഭിനയിക്കുന്നതിനും മറ്റ് പ്രവർത്തനങ്ങൾ നടത്തുന്നതിനും അനുമതി നൽകുന്നത് സംബന്ധിച്ച വ്യവസ്ഥകൾ രൂപീകരിച്ചുകൊണ്ട് 11-11-2015-ൽ G.O.(P) 28/15/ ഉ.ഭ.പ.വ. എന്ന നമ്പരിലുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ ഉത്തരവിനെതിരെ വിമർശനമുണ്ടായതിനെത്തുടർന്ന് ആയത് 24-11-2015-ലെ G.O.(P) 32/15/ഉ.ഭ.പ.വ. എന്ന നമ്പർ ഉത്തരവ് പ്രകാരം മരവിപ്പിച്ചിരിക്കുകയാണ്.

സർക്കാർ ജീവനക്കാരുടെ കലാസാഹിത്യ പ്രവർത്തനങ്ങൾ

20 (1842) ശ്രീ. പുരുഷൻ കടലുണ്ടി :

ശ്രീ. കെ. കെ. നാരായണൻ :

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ കലാസാഹിത്യ പ്രവർത്തനങ്ങൾക്ക് നിയന്ത്രണവും സെൻസർഷിപ്പും ഏർപ്പെടുത്തിയിട്ടുണ്ടോ ; ഇതുസംബന്ധമായ തീരുമാനം വെളിപ്പെടുത്താമോ ;

(ബി) ഭാഷയെയും സാഹിത്യത്തെയും പരിപോഷിപ്പിക്കുവാൻ നടത്തുന്ന ശ്രമങ്ങൾക്ക് പ്രസ്തുത നിലപാട് ഭീഷണിയാകുമോ ; ഇത്തരമൊരു നിലപാട് സ്വീകരിക്കുവാൻ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാമാണ് ;

(സി) പ്രസ്തുത തീരുമാനം സർഗ്ഗസൃഷ്ടികൾ നടത്തുന്നവരെ സർവ്വീസിൽ നിന്നും മാറ്റിനിർത്താൻ ഇടയാക്കുമോ ;

(ഡി) നിയന്ത്രണങ്ങളുടെ ഭാഗമായി ഏതെല്ലാം തലത്തിലുള്ള കലാ-സാഹിത്യ പ്രവർത്തനങ്ങൾക്ക് മേലുദ്യോഗസ്ഥന്റെ അനുമതി വാങ്ങേണ്ടതായിട്ടുണ്ട് ; എന്ത് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് അപേക്ഷകളിന്മേൽ മേലുദ്യോഗസ്ഥർ തീരുമാനം കൈക്കൊള്ളുക ; വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly